LIBRARY ARCHIVES Kerala Legislative Assembly

സാഫ് ഗെയിംസ് കേരളത്തിൽ

15 (*315) ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ് സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഫ് ഗെയിംസ് കേരളം വേദിയാകുമോ ; സാഫ് ഗെയിംസ് അധികൃതരിൽ നിന്നും ഇക്കാര്യത്തിൽ ലഭിച്ച ഉറപ്പും കായികമന്ത്രാലയം നടത്തിയ തയ്യാറെടുപ്പുകളും സംബന്ധിച്ച് വിശദമാക്കാമോ ; ഏതൊക്കെ തീയതികളിലാണ് സാഫ് ഗെയിംസ് നടത്താനുദ്ദേശിക്കുന്നത് ; ഇതിനായുള്ള ചെലവുകൾ വഹിക്കുന്നത് ആരായിരിക്കും ;

(ബി) കഴക്കൂട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം പൂർത്തിയായിട്ടുണ്ടോ, ഇല്ലെങ്കിൽ ഇത് സാഫ് ഗെയിംസ് വേദി സംസ്ഥാനത്തിന് നഷ്ടപ്പെടുത്താനിടയുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരളത്തിൽവച്ച് സാഫ് ഗെയിംസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും അറിയിപ്പൊന്നും ഇതേവരെ ലഭിച്ചിട്ടില്ല.

സാഫ് ഗെയിംസ് കേരളത്തിൽ നടത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന കായികമന്ത്രി കേന്ദ്ര കായികമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ഭാരവാഹികൾ ബന്ധപ്പെട്ടിരുന്നു.

(ബി) കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം, പുൽമൈതാനം ഉൾപ്പെടെ പൂർത്തിയായിട്ടുണ്ട്. മറ്റ് അനുബന്ധ പണികളെല്ലാം നാഷണൽ ഗെയിംസിനോടനുബന്ധിച്ച് തന്നെ പൂർത്തീകരിച്ചിട്ടുള്ളതിനാൽ സാഫ് ഗെയിംസ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കാൻ സ്റ്റേഡിയം സജ്ജമാണ്.

വിഴിഞ്ഞം തുറമുഖ പദ്ധതി

16 (*316) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ലാന്റ് ലോർഡ് മോഡലിൽ വിഴിഞ്ഞം തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിരുന്നുവോ ; വിശദമാക്കാമോ ;